"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗ് - ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിൽ ക്ലർക്ക് ആയ ശ്രീമതി.പ്രതിഭ ചന്ദ്രൻ-ന്റെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യു.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1005/2023/LSGD തീയതി,തിരുവനന്തപുരം, 09-05-2023

പരാമർശം:-

1. ശ്രീമതി.പ്രതിഭ ചന്ദ്രൻ-ന്റെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷ.
2. മുഖ്യനഗരാസൂത്രകന്റെ 17.03.2021 ലെ TCPCTP/622/2021/B3 നമ്പർ കത്ത്.
3. ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസറുടെ 20.01.2021 ലെ C4-911/2021 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ വകുപ്പിൽ ആലപ്പുഴ ജില്ലാ നഗരാസൂത്രണ കാര്യാലയത്തിലെ ക്ലർക്ക് ആയ ശ്രീമതി പ്രതിഭ ചന്ദ്രന്റെ മകളുടെ ചികിത്സയ്ക്ക് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആശുപത്രിയിൽ 06.11.2019-05.06.2020 കാലയളവിൽ ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകണമെന്ന് പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് മുഖ്യനഗരാസൂത്രകൻ ശുപാർശ ചെയ്തിട്ടുണ്ട്.

2 ) ശ്രീമതി പ്രതിഭ ചന്ദ്രന്റെ അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക 14,080/-രൂപ(പതിനാലായിരത്തി എൺപത് രൂപ മാത്രം) ആണെന്ന് ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3 ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. തദ്ദേശ സ്വയം ഭരണ വകുപ്പിൽ ആലപ്പുഴ ജില്ലാ നഗരാസൂത്രണ കാര്യാലയത്തിലെ ക്ലർക്ക് ആയ ശ്രീമതി പ്രതിഭ ചന്ദ്രന്റെ മകളുടെ ചികിത്സയ്ക്ക് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആശുപത്രിയിൽ 06.11.2019-05.06.2020 കാലയളവിൽ ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയത അറിയിച്ചിരിക്കുന്ന തുകയുടെ 80% ആയ 11,264/- (പതിനൊന്നായിരത്തി ഇരുന്നൂറ്റി അറുപത്തിനാല് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

1. ശ്രീമതി പ്രതിഭ ചന്ദ്രൻ.,ക്ലർക്ക്

   (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

(ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ് ( 31.10.2022 ലെ 1765135-Loans-L3/140/2021-Fin നമ്പർ കുറിപ്പ് പ്രകാരം)
6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Manoj.s.r.
Date: 09-05-2023 13:09:00
സെക്ഷൻ ഓഫീസർ